പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1553 05.12. 2014- ലെ മറുപടി

നോർക്കയും പ്രവാസി മലയാളികളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്രയാണെന്നാണ് നിലവിൽ നോർക്ക വിലയിരുത്തിയിട്ടുള്ളത്; | (എ) കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശരാജ്യങ്ങളിൽ 1625653 കേരളീയർ താമസിക്കുന്നതായും അതിൽ 1426853 പേർ വിദേശത്ത് തൊഴിൽ ചെയ്യുന്നതായും കണക്കാക്കിയിട്ടുണ്ട്. |
| (ബി)ഇവർ ഒരു വർഷം ശരാശരി കേരളത്തിലേക്ക് അയയ്ക്കുന്നത് എത്ര കോടി രൂപയാണെന്ന് നോർക്ക വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) വിദേശ മലയാളികൾകേരളത്തിലേക്ക് അയക്കുന്ന തുകയുടെ ശരാശരി കണക്ക് ലഭ്യമല്ല. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം 2014 ജൂൺ മാസം വരെ 94000 കോടി രൂപ കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശമലയാളികളിൽ നിന്നുള്ള ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട് . |
| (സി)ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് എവിടെയാണ്; നിതാഖാത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര; | (സി) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ യു.എ.ഇ. യിലാണ് ജോലി ചെയ്യുന്നത്(507087), സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ എണ്ണം 421313 ആണ്. |
| (ഡി) ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല, താലൂക്ക് ഇവ ഏതൊക്കെയാണ്; | (ഡി) ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള ജില്ല മലപ്പുറം. താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |

(ഇ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ എത്ര മലയാളി പ്രവാസികൾ ജയിലിൽ കഴിയുന്നുവെന്നാണ് നോർക്ക മനസ്സിലാക്കുന്നത്; ഇവരെ നാട്ടിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ഈ സർക്കാർ വന്നതിനുശേഷം എത്ര പേരെ നാട്ടിലെത്തിച്ചു; വ്യക്തമാക്കുമോ ?

(ഇ) വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര കേരളീയർ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. ഗൾഫ് രാജ്യങ്ങളിലെയും മലേഷ്യയിലേയും ഇന്ത്യൻ സ്ഥാനപതികളോട് ലഭ്യമായ വിവരം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽകൊണ്ടു വന്ന് അവരുടെമോചനത്തിനു വേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസിയുടെ സഹായത്തോടെ നിയമസഹായം നൽകുന്നതിന് പ്രവാസി ലീഗൽ അസിസ്റ്റൻസ് എന്ന പദ്ധതി നിലവിലുണ്ട്. ഇതിനു പുറമേ തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശജയിലുകളിൽ ശിക്ഷ അനുഭവിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് സ്വപ്ന സാഫല്യം പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 94 പേരെ നാട്ടിൽ തിരികെയെത്തിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ